ഉത്തരം

(എ) ഇല്ല.

(ബി) ഇടമലയാർ അന്തർ സംസ്ഥാന നദിയാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിനർഹതപ്പെട്ട ജലം കഴിഞ്ഞ ഏതാനും വർഷങ്ങളായി പൂർണ്ണമായി ലഭിക്കുന്നില്ല.

ഗൾഫ് നാടുകളിലേക്ക് ചെലവു കുറഞ്ഞ വിമാന സർവ്വീസുകൾ

99 [1619] ശ്രീ. മഞ്ഞളാംകുഴി അലി:

„ വി. കെ. ചന്ദ്രൻ :

„ മത്തായി ചാക്കോ :

„ കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്തും ഗൾഫ് നാടുകളിലേക്കും ചെലവു കുറഞ്ഞ വിമാന സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്രാകൂലി മറ്റു വിമാന റൂട്ടുകളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കൂടുതലാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ യാത്രാകൂലി കുറയ്ക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ചെലവ് കുറഞ്ഞ വിമാനയാത്രാ സൗകര്യം ഏർപ്പെടുത്തുന്ന ഏജൻസികളെ കണ്ടെത്തുന്നതിനും, പ്രോൽസാഹനം നൽകുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിൽനിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ചെലവ് കുറഞ്ഞ വിമാനസർവ്വീസുകൾ ആരംഭിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എയർ ഇന്ത്യ ഏപ്രിൽ മാസം അവസാനം ചെലവു കുറഞ്ഞ എക്സ്പ്രസ്സ് സർവ്വീസുകൾ ആരംഭിക്കും.

(ബി) യാത്രാകൂലി കുറയ്ക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര വ്യോമയാനമന്ത്രിക്കും പ്രധാനമന്ത്രിക്കും നിരന്തരമായി നിവേദനങ്ങൾ സമർപ്പിച്ചതിന്റെ വെളിച്ചത്തിലാണ് എയർ ഇന്ത്യ ചെലവ് കുറഞ്ഞ എക്സ്പ്രസ്സ് സർവ്വീസുകൾ ആരംഭിക്കുവാൻ തയ്യാറായിട്ടുള്ളത്.

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

ചെലവ് കുറഞ്ഞ വിമാന സർവ്വീസ് ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച എയർ അറേബ്യയ്ക്ക് ലാന്റിംഗ് അനുവാദം നൽകണമെന്ന് കേരള സർക്കാർ കേന്ദ്ര വ്യോമയാന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അറ്റസ്റ്റേഷൻ കഴിഞ്ഞ സർട്ടിഫിക്കറ്റുകൾ

100 [1620] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കയുടെ കീഴിൽ പ്രവർത്തിക്കുന്ന വൂട്ട്സിൽ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റേഷൻ കഴിഞ്ഞു തിരികെ വാങ്ങാതെ കുമിഞ്ഞുകൂടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എംബസി അറ്റസ്റ്റേഷൻ കഴിഞ്ഞ് സർട്ടിഫിക്കറ്റുകൾ വൂട്ട്സിൽ എത്തുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റിന്റെ യഥാർത്ഥ ഉടമയ്ക്ക് തപാൽമാർഗ്ഗം അയച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനാവശ്യമായ എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ആലോചനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർട്ടിഫിക്കറ്റുകൾ യഥാർത്ഥ ഉടമയ്ക്ക് കിട്ടുന്നവെന്ന് ഉറപ്പുവരുത്താനാണ് സർട്ടിഫിക്കറ്റുകൾ നേരിട്ട് നൽകുന്നത്.

(സി) ഇല്ല.

വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി

101 [1621] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ഡോ. തോമസ് ഐസക് :

ശ്രീ. വി. ചെന്താമരാക്ഷൻ :

,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായത്തിനുവേണ്ടി പുതുതായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം നിലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly